ചർച്ചയും പഠനങ്ങളും നടത്തുകയും ഈറ, മുള എന്നിവയ്ക്കു പ്രാധാന്യം നൽകുന്ന ഒരു പ്രോജക്ട് തയ്യാറാക്കുകയും ചെയ്തുവരുന്നു.

2. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ വ്യവസായ സംരംഭകർക്ക് നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായമേഖലകളെക്കുറിച്ച് കത്തുകൾ മുഖേന ഉദ്ബോധനം നൽകിവരുന്നു.

3. ദേശീയ അന്തർദേശീയമേഖലകളിൽനിന്നും നമ്മുടെ വ്യവസായമേഖലകളെക്കുറിച്ച് ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകിവരുന്നു.

4, മറ്റു സംസ്ഥാനങ്ങളിലെ വിവിധ മലയാളി സംഘടനകൾക്കു സംസ്ഥാന വ്യവസായ മേഖലയെക്കുറിച്ചുള്ള വിവരങ്ങളും പ്രസിദ്ധീകരണങ്ങളും അയച്ചുകൊടുക്കുന്നു.

5. ദേശീയ അന്തർദേശീയ വ്യവസായമേഖലകളിലുള്ള ചർച്ചകളിലും സെമിനാറുകളിലും പങ്കെടുക്കുകയും കേരളത്തിന്റെ വ്യവസായമേഖലകളെക്കുറിച്ച് വിവരങ്ങളും വിശദീകരണങ്ങളും നൽകിവരുകയും ചെയ്യുന്നു.

6. ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ വ്യവസായ മേഖലയെക്കുറിച്ചുള്ള പൊതുവായ വിവരങ്ങളുടെ ബോധവൽക്കരണ നടത്തിവരുന്നു.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നേരിടുന്ന ബുദ്ധിമുട്ടുകൾ.

24 (*294)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റികളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലുമാണ് ഇപ്പോൾ ഡ്രെയിനേജ് സംവിധാനം, ചപ്പുചവറുകളുടെ സംസ്ക്കരണം, മാലിന്യനിർമ്മാർജ്ജനം, കുടിവെള്ളം എന്നിവയുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് എപ്രകാരം പരിഹരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) പ്രധാനപ്പെട്ട ഈ പ്രശ്നങ്ങൾക്ക് എന്നത്തേയ്ക്ക് പരിഹാരം കാണാൻ കഴിയും;

(ഡി) ഇതിനുവേണ്ടി ഘട്ടം ഘട്ടമായുള്ള പരിപാടി ആസൂത്രണം ചെയ്യാനുദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) കുടിവെള്ളക്ഷാമം, ഡ്രെയിനേജ് സംവിധാനത്തിന്റെ അഭാവം എന്നിവ മിക്കവാറും എല്ലാ നഗരപ്രദേശങ്ങളും അനുഭവിക്കുന്ന പ്രശ്നമാണ്. ഇതിൽത്തന്നെ തീരപ്രദേശത്തെ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, വടകര, കണ്ണൂർ, തലശ്ശേരി,

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് എന്നീ നഗരങ്ങളും മറ്റു നഗരങ്ങളിൽ പാലക്കാട്, കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിലുമാണ് ഈ പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും പല നഗരസഭകളും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള ക്ലാസ്-1 നഗരങ്ങളിലാണ് മാലിന്യനിർമ്മാർജ്ജനത്തിന് അടിയന്തിര നടപടികൾ വേണ്ടി വരുന്നത്.

(ബി) 1. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി, വർക്കല, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, കൊല്ലം, ആലപ്പുഴ, വൈക്കം, വടകര, കാസർഗോഡ്, കോഴിക്കോട്, കൊയിലാണ്ടി, ചാലക്കുടി, തലശ്ശേരി, മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ, കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് എന്നീ നഗരപ്രദേശങ്ങൾക്കുള്ള വിപുലീകരണ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഇപ്പോൾ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

2. ഡ്രെയിനേജ് പദ്ധതികൾ വിപുലീകരിക്കുന്നതിനും പുതുതായി നടപ്പാക്കുന്നതിനുമായി, ഹഡ്കോയിൽ നിന്നും വിദേശരാജ്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ധനസഹായത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. മാലിന്യ സംസ്ക്കരണത്തിനായി പ്രധാനപ്പെട്ട നഗരസഭകളെല്ലാം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ഗുരുവായൂർ നഗരസഭകളിൽ മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം പുരോഗമിക്കുകയാണ്. ഇത്തരം പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ (BOT) നടപ്പാക്കാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി)

1. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുകയാണ്. കോഴിക്കോട്, ഗുരുവായൂർ, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ഏതാനും മാസങ്ങൾക്കകം ശാസ്ത്രീയ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പ്രവർത്തനമാരംഭിക്കുന്നതാണ്. പാലക്കാട് നഗരസഭയിലും പ്ലാന്റ് സ്ഥാപിക്കാനുള്ള അനുമതി നൽകിക്കഴിഞ്ഞു. മറ്റ് നഗരങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

2. കുടിവെള്ളം/ഡ്രെയിനേജ് പദ്ധതികൾ സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി ഏറ്റെടുത്ത് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്, ഇപ്പോൾ പരിഗണനയിലിരിക്കുന്ന പദ്ധതികൾ നാലു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്നു കരുതുന്നു.

(ഡി)&(ഇ) ഉണ്ട്. മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഒഴികെയുള്ള പദ്ധതികൾ, സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വികലാംഗരായവർക്ക് ഉപകരണങ്ങൾ നൽകുന്ന പദ്ധതി

25 (*295) ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly